**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2898** **25-06-2024 - ൽ മറുപടിയ്ക്ക്**

**വനഭൂമി കൈയ്യേറി കൊടിമരം സ്ഥാപിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കോന്നിയിൽ വനഭൂമി കൈയ്യേറി കൊടിമരം സ്ഥാപിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോന്നി വനം ഡിവിഷനിലെ അടവി കുട്ടവഞ്ചി സവാരി കേന്ദ്രത്തിൽ വനഭൂമിയിൽ അനധികൃതമായി പ്രവേശിച്ച് ഒരു തൊഴിലാളി സംഘടനയുടെ കൊടിമരം സ്ഥാപിച്ചിരുന്നു. |
| (ബി) | പ്രസ്തുത സംഭവത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കോന്നി വനം ഡിവിഷനിലെ അടവി കുട്ടവഞ്ചി സവാരി കേന്ദ്രത്തിൽ വനഭൂമിയിൽ അനധികൃതമായി പ്രവേശിച്ച് സ്ഥാപിച്ച കൊടിമരം നീക്കം ചെയ്യുകയും, ആയതിന് മഹസ്സർ തയ്യാറാക്കി ഉത്തര കുമരംപേരൂർ ഫോറസ്റ്റ് സ്റ്റേഷൻ ഒ.ആർ-02/2024 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥലത്ത് മറ്റൊരു കൊടിമരം സ്ഥാപിച്ചതിനെ തുടർന്ന് ആയത് നീക്കം ചെയ്യുന്നതിനുള്ള നിർദ്ദേശം കോന്നി ഡിവിഷൻ സ്റ്റാഫുകൾക്ക് നൽകിയിട്ടുള്ളതുമാണ്. |
| (സി) | അടവി കുട്ടവഞ്ചി സവാരി കേന്ദ്രത്തിൽ വനഭൂമി കൈയ്യേറി കൊടിമരം സ്ഥാപിച്ചത് തടഞ്ഞ വനം വകുപ്പ് ഉദ്യോഗസ്ഥരെ രാഷ്ട്രീയ നേതാക്കൾ ഭീഷണിപ്പെടുത്തിയ സംഭവത്തിൽ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് 08.06.2024-ന് കോന്നി ഡി.വൈ.എസ്.പി.ക്കും 12.06.2024-ന് പത്തനംതിട്ട എസ്.പി.ക്കും പരാതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ